No. CEE/5454/2018/KEAM-2019/TA1

കേരള സർക്കാർ

പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്സ്, ശാന്തിനഗർ,
തിരുവനന്തപുരം– 695 001.

# വിജ്ഞാപനം

# KEAM-2019

## ആയുർവേദ/ ഹോമിയോ കോഴ്സുകളിൽ സംവരണാനുകൂല്യമില്ലാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്കനുവദിച്ച (EWS) അധിക സീറ്റുകളിലേക്കുള്ള രേഖ പരിശോധിക്കുന്നതിനുള്ള അവസരം

2019 വർഷത്തെ പ്രൊഫഷണൽ ബിരുദ കോഴ്സ് പ്രവേശനവുമായി ബന്ധപ്പെട്ട് സംവരണാനുകൂല്യം ലഭ്യമാകാത്ത വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർക്കായി (**EWS**) സർക്കാർ/എയ്ഡഡ് മേഖലയിലെ ആയൂർവേദ/ ഹോമിയോ കോഴ്സുകൾക്ക് അർഹരായ വിദ്യാർത്ഥികൾക്ക് ആനുകൂല്യം ലഭിക്കുന്നതിന് ആവശ്യമായ രേഖ നിശ്ചിത ഫോർമാറ്റിൽ തഹസിൽദാരുടെ റാങ്കിൽ കുറയാത്ത റവന്യൂ അധികാരിയിൽ നിന്നും വാങ്ങി ഓൺലൈനായി സമർപ്പിക്കുന്നതിന് **07.08.2019** വരെ സമയം അനുവദിച്ചിരുന്നു. നിശ്ചിത തീയതിക്കകം ലഭിച്ച സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ യോഗ്യരായവരുടെ വിവരം അവരവരുടെ ഹോം പേജിൽ ലഭ്യമാണ്. എന്നാൽ അപ്‌ലോഡ് ചെയ്ത സർട്ടിഫിക്കറ്റുകൾ പരിശോധിച്ചതിൽ ചില ന്യൂനതകളുള്ളതായി കാണാൻ കഴിഞ്ഞു. ന്യൂനതകൾ ഉള്ളവർ **www.cee.kerala.gov.in** എന്ന വെബ്സൈറ്റിലെ അവരവരുടെ ഹോം പേജിൽ ആപ്ലിക്കേഷൻ നമ്പർ, പാസ്‌വേഡ് എന്നിവ നൽകി പ്രവേശിച്ച് **'Memo Details'** എന്ന ലിങ്കിൽ ക്ലിക്ക് ചെയ്ത് ന്യൂനതകൾ പരിശോധിക്കേണ്ടതാണ്. ന്യൂനതകൾ ഉള്ള പക്ഷം അവ പരിഹരിച്ച് ഓൺലൈനായി സർട്ടിഫിക്കറ്റ് അപ്‌ലോഡ് ചെയ്യുന്നതിന് **14.08.2019** വൈകുന്നേരം **3.00** മണി വരെ സമയം അനുവദിച്ചിട്ടുണ്ട്. എം.ബി.ബി.എസ് കോഴ്സിനായി പ്രസിദ്ധീകരിച്ച **EWS** വിഭാഗത്തിൽ ഉൾപ്പെട്ടവരെ ആയൂർവേദ/ഹോമിയോ കോഴ്സുകളുടെ **EWS** വിഭാഗത്തിനായും പരിഗണിക്കുന്നതാണ്.

**ഹെൽപ്പ് ലൈൻ നമ്പർ: 0471-2332123, 2339101, 2339102, 2339103 & 2339104 (10 am-5pm)**

തിരുവനന്തപുരം

09.08.2019

**പ്രവേശന പരീക്ഷാ കമ്മീഷണർ**